**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 148 — 16.03.2015-ൽ മറുപടിയ്ക്ക്

കോർപ്പറേഷൻ / മുനിസിപ്പാലിറ്റി രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻനായർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീമതി.പി.അയിഷാപോറ്റി<br>ശ്രീ.ബി.സത്യൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ മന്ത്രി) | |
| എ) | നിലവിലുള്ള കോർപ്പറേഷനുകളെ വിഭജിച്ച് പുതിയതായി മുനിസിപ്പാലിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | തിരുവനന്തപുരം, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുകൾ വിഭജിച്ച് പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | ഇതിനായുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | ബി) | 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4 (2) വകുപ്പ് പ്രകാരം ഏതെങ്കിലും മുനിസിപ്പൽ പ്രദേശത്തെ രണ്ടോ അധിലധികമോ മുനിസിപ്പൽ പ്രദേശങ്ങളായി വിഭജിക്കാവുന്നതാണ്. |
| സി) | ഇതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | സി) | നിലവിലുള്ള കോർപ്പറേഷനുകളോട് കൂട്ടിച്ചേർത്ത പ്രദേശത്തെ ജനങ്ങൾക്ക് കോർപ്പറേഷന്റെ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്നും വികസനവും മറ്റു ക്ഷേമപ്രവർത്തനങ്ങളും എത്തുന്ന കാര്യത്തിൽ മറ്റ് പ്രദേശങ്ങളുമായി അസന്തുലിതാവസ്ഥ ഉണ്ടെന്നും കൂട്ടിച്ചേർക്കൽ അശാസ്ത്രീയ മാണെന്നുമുള്ള നിരവധി ആക്ഷേപങ്ങൾ ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാന ത്തിൽ സമീപഭാവിയിലെ വികസന സാദ്ധ്യതകൾ, ഇൻഡസ്ട്രിയൽ ഏരിയ, |

| | | | |
|---|---|---|---|
| | | | ഐ.ടി. ഹബ്, ശാസ്ത്രീയമായ വികസന സാദ്ധ്യത, പ്രദേശങ്ങൾ തമ്മിലുള്ള കണക്റ്റിവിറ്റി, സാറ്റ് ലൈറ്റ് ടൗൺ ആയി വികസിപ്പിക്കാനുള്ള സാധ്യത തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഇതിലേക്കായി നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. |
| ഡി) | നിലവിലുള്ള കോർപ്പറേഷനുകൾ പ്രസ്തുത നടപടിയിൽ എതിർപ്പുകൾ അറിയിച്ചിട്ടുണ്ടോ; ഇക്കാര്യം പരിഗണിച്ചിട്ടുണ്ടോ? | ഡി) | ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുകളുടെ അഭിപ്രായം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ